2025 MARCH
08
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## വിപണിയിൽ തിരിച്ചടി, തീരുമാനം മാറ്റി ട്രംപ്;
# കാനഡ, മെക്സിക്കോ തീരുവ നടപ്പാക്കുന്നത് നീട്ടി

**വാഷിങ്ടൺ:** കാനഡയേയും മെക്സിക്കോയേയും ലക്ഷ്യംവെച്ച് പ്രഖ്യാപിച്ച അധിക തീരുവ നടപ്പാക്കുന്നത് നീട്ടിവെച്ച് യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ട്രംപിന്റെ 25% വരേയുള്ള തീരുവനയം ഓഹരി വിപണിയെ വലിയ തോതിൽ ബാധിച്ചിരുന്നു. ഈ സാഹചര്യം പണപ്പെരുപ്പം വർദ്ധിപ്പിക്കുമെന്നും അമേരിക്കയുടെ സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്നും സാമ്പത്തിക വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുകയും ചെയ്തു. ഇതോടെ ട്രംപ് തീരുവ പ്രഖ്യാപനം നടപ്പാക്കുന്നത് എപ്രിൽ രണ്ടു വരെ നീട്ടിവെയ്ക്കുകയായിരുന്നു.



തീരുവ നടപ്പാക്കുന്നത് വൈകിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിൽ വ്യാഴാഴ്ച്ചയാണ് ട്രംപ് ഒപ്പുവെച്ചത്. വിപണയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ടാണ് തീരുമാനം നീട്ടിവെച്ചതെന്ന സൂചനകൾ ട്രംപ് തള്ളിക്കളഞ്ഞു. അടുത്താഴ്ച്ച പ്രാബല്യത്തിൽ വരാനിരിക്കുന്ന സ്റ്റീൽ, അലൂമിനിയം ഇറക്കുമതികൾക്കുള്ള വിശാലമായ തീരുവകൾ പരിഷ്കരിക്കുകയില്ലെന്നും ട്രംപ് വ്യക്തമാക്കി. ഇതിന് പിന്നാലെ തങ്ങളുടെ തീരുമാനം നടപ്പാക്കുന്നതും നീട്ടിവെച്ചതായി കാനഡയും മെക്സിക്കോയും അറിയിച്ചു. യു.എസ്. ഉത്പന്നങ്ങൾക്കും അധിക തീരുവ ചുമത്തുമെന്ന തീരുമാനവുമായി ഏപ്രിൽ രണ്ട് വരെ മുന്നോട്ടുപോകില്ലെന്നും എല്ലാ തീരുവകളും ഒഴിവാക്കുന്നതിനായി തങ്ങൾ തുടർന്നും പ്രവർത്തിക്കുമെന്നും കനേഡിയൻ ധനകാര്യ മന്ത്രി ഡൊമനിക് ലെബ്ലാങ്ക് വ്യക്തമാക്കി.

നിയമവിരുദ്ധ കുടിയേറ്റം, ലഹരിമരുന്ന് കള്ളക്കടത്ത് എന്നിവ തടയുന്നതിൽ പരാജയപ്പെട്ടെന്ന് ആരോപിച്ചാണ് കാനഡയ്ക്കും മെക്സിക്കോയ്ക്കും യു.എസ്. 25% ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തിയത്. ഇത് കഴിഞ്ഞ ചൊവ്വാഴ്ച്ച മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിരുന്നു. ഊർജമേഖലയുമായി ബന്ധപ്പെട്ട് കാനഡയിൽനിന്ന് ഇറക്കുമതിചെയ്യുന്ന എണ്ണയുൾപ്പെടെയുള്ള ഉത്പന്നങ്ങൾക്ക് 10% ഇറക്കുമതിത്തീരുവയും യു.എസ് ഏർപ്പെടുത്തിയിരുന്നു. ഇതിന് പിന്നാലെ അമേരിക്കയുടെ ഈ നയത്തിന് സമാനമായ രീതിയിലുള്ള മറുപടിയുമായി കാനഡയും മെക്സിക്കോയും രംഗത്തുവന്നു. 15,500 കോടി കനേഡിയൻ ഡോളറിനു മുകളിൽ വരുന്ന യു.എസ്. ഉത്പന്നങ്ങൾക്ക് 21 ദിവസത്തിനുള്ളിൽ തീരുവ ചുമത്തുമെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ പ്രഖ്യാപിച്ചിരുന്നു. 3000 കോടി കനേഡിയൻ ഡോളർ വിലമതിക്കുന്ന യു.എസ്. ഉത്പന്നങ്ങൾക്കുള്ള കാനഡയുടെ 25% തീരുവ ചൊവ്വാഴ്ച പ്രാബല്യത്തിൽ വരികയും ചെയ്തിരുന്നു. ഇതോടൊപ്പം കനേഡിയൻ പ്രവിശ്യകൾ യു.എസ്. മദ്യത്തിന് വിലക്കേർപ്പെടുത്തുകയും ചെയ്തിരുന്നു.



# സിറിയയിൽ സംഘർഷം രൂക്ഷം, 70 മരണം

**ഡമാസ്കസ്:** സിറിയൻ സുരക്ഷാ സേനയും മുൻ പ്രസിഡന്റ് ബഷാർ അസദിന്റെ അനുയായികളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 70 പേർ കൊല്ലപ്പെട്ടു. ലറ്റാകിയ, ടാർട്ടസ് നഗരങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അക്രമം. അസദിനെ അനുകൂലിക്കുന്നവർ ഭൂരിപക്ഷം ഉള്ള മേഖലയിലാണ് ഈ നഗരങ്ങൾ.സുന്നികൾക്കു ബഹുഭൂരിപക്ഷമുള്ള സിറിയയിൽ, ഷിയാ വിഭാഗത്തിലെ അലവി എന്ന ചെറിയ ഉപവിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് അസദ് കുടുംബം. ബഷാർ അസദിന്റെ പതനത്തിനു ശേഷം അലവി വിഭാഗത്തിനു നേർക്ക് വ്യാപക അക്രമങ്ങൾ നടന്നിരുന്നു. ഇതിന്റെ ഭാഗമായാണു സംഘർഷവും ഉണ്ടായത്. അസദിന്റെ ജന്മനഗരമായ ഖർദയും സമീപത്തെ അലവി ഗ്രാമങ്ങളും സിറിയൻ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലല്ല.

സംഘർഷ മേഖലകളിലേക്ക് കൂടുതൽ സൈന്യത്തെ അയച്ചതായി സൈനികവൃത്തങ്ങൾ പറഞ്ഞു. ഹയാത്ത് തഹ്‌രീർ അൽ ശാമിന്റെ നേതൃത്വത്തിൽ (എച്ച്ടിഎസ്) അസദിനെ പുറത്താക്കിയതിനു ശേഷം നടക്കുന്ന ഏറ്റുമുട്ടലുകളിൽ ഏറ്റവും രൂക്ഷമായതാണ് ഇപ്പോഴത്തേത്. അലവി വിഭാഗത്തെ അക്രമിക്കില്ലെന്നു എച്ച്ടിഎസ് കേന്ദ്രങ്ങൾ പറയുമ്പോഴും പലയിടത്തും അക്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു. ലറ്റാകിയ നഗരത്തിൽ നിരോധനാജ്ഞ ഏർപ്പെടുത്തി. റോഡരികിൽ വെടിയേറ്റ ആളുകളുടെ മൃതദേഹങ്ങൾ നിരത്തിക്കിടത്തിയിരിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തു വന്നിട്ടുണ്ട്. ഇതു കൊല്ലപ്പെട്ട അലവി വിഭാഗത്തിൽപെട്ടവരുടെ ആണെന്ന് മനുഷ്യാവകാശ സംഘടനകൾ സ്ഥിരീകരിച്ചിട്ടുണ്ട്.സിറിയയിലെ സംഘർഷം ഐക്യം പുനഃസ്ഥാപിക്കാനുള്ള നടപടികൾക്കു തിരിച്ചടിയാണെന്നു തുർക്കി അഭിപ്രായപ്പെട്ടു.

## തൊഴിൽ തർക്കം തീർപ്പായി
# സ്വിഗ്ഗി ജീവനക്കാരുടെ കൂലി വർധിപ്പിച്ചു

**തിരുവനന്തപുരം:** ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലയായ സ്വിഗ്ഗിയിലെ തിരുവനന്തപുരം ജില്ലയിലെ തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിച്ചു. റസ്റ്റോറൻറ് മുതൽ ഡെലിവറി പോയിൻറ് വരയുള്ള ദൂരത്ത് കിലോമീറ്ററിന് 6 രൂപ 50 പൈസ നിരക്കിൽ വർധന വരുത്തി.

ഒരു ഡെലിവറിക്ക് മിനിമം കൂലിയായി 25 രൂപ ഉറപ്പാക്കി. ഡെലിവറി പാർട്ണർ നിൽക്കുന്ന സ്ഥലത്തു നിന്ന് റസ്റ്റോറൻറ് വരെയുള്ള ദൂരത്തിന് കിലോമീറ്ററിന് 5 രൂപ എന്ന നിരക്കിലും ഡെലിവറി പൂർത്തീകരിച്ചുള്ള റിട്ടേൺ ദൂരത്തിന് കിലോമീറ്ററിന് 6 രൂപ നിരക്ക് വ്യവസ്ഥകളോടെ അംഗീകരിച്ചുമാണ് കൂലി പുതുക്കി നിശ്ചയിച്ചത്. മാർച്ച് 10 മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരും.

ആവശ്യങ്ങൾ അംഗീകരിക്കാത്ത പക്ഷം അനിശ്ചിതകാല സമരം പ്രഖ്യാപിക്കുമെന്നറിയിച്ച് തൊഴിലാളികളുടെ സംയുക്ത സമരസമിതി സമർപ്പിച്ച നിവേദനത്തിൻറെ അടിസ്ഥാനത്തിൽ തൊഴിൽ മന്ത്രിയുടെ നിർദേശാനുസരണം നടന്ന ചർച്ചയിലാണ് തീരുമാനം. അഡീഷണൽ ലേബർ കമ്മിഷണർ കെ.എം.

സുനിലിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിഐടിയു പ്രതിനിധി സുകാർണോ, ഐഎൻടിയുസി പ്രതിനിധി പ്രതാപൻ, എഐടിയുസി പ്രതിനിധി സജിലാൽ, റീജ്യണൽ ഡയറക്റ്റർ റാഹത്ത് ഖന്ന തുടങ്ങിയവർ പങ്കെടുത്തു



# കെ.വി.വി.ഇ.എസ് വനിതാ വിംഗ് റാലി ഇന്ന്

**കൊച്ചി:** ലോക വനിതാദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് ലഹരി വിരുദ്ധ സന്ദേശ റാലിയും സെമിനാറും സംഘടിപ്പിക്കും. എറണാകുളം ഗസ്റ്റ് ഹൗസിനു സമീപം ബ്രോഡ് വേ ഷൺമുഖം ജംഗ്ഷനിനിന്നാരംഭിക്കുന്ന റാലി കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് 10.30 ന് രാജേന്ദ്രമൈതാനത്ത് നടക്കുന്ന സെമിനാർ നാർക്കോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൾ സലാം ഉദ്ഘാടനം ചെയ്യും. വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ അധ്യക്ഷത വഹിക്കും.

# ഷെയ്ഖ് ഖാദർ റഹ്മാൻ ചുമതലയേറ്റു



**കൊച്ചി:** സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണറായി ഷെയ്ഖ് ഖാദർ റഹ്മാൻ ഐ.ആർ.എസ് ചുമതലയേറ്റു. ഇൻഡ്യൻ റവന്യൂസർവ്വീസിലെ 1992 ബാച്ച് ഉദ്യോഗസ്ഥനാണ് ഷെയ്ഖ് ഖാദർ റഹ്മാൻ.

# അക്രമകാരികളായ പന്നികളെ കൊന്നൊടുക്കുന്നവർക്കുള്ള ഹോണറേറിയം വർധിപ്പിച്ചു

**തിരുവനന്തപുരം:** പൊതുജനങ്ങളുടെ ജീവനും വസ്തുവകകൾക്കും കൃഷിക്കും സവൈര്യ ജീവിതത്തിനും ഭീഷണിയാകുന്ന പന്നികളെ കൊന്നൊടുക്കുന്നവർക്ക് നൽകുന്ന ഹോണറേറിയം വർദ്ധിപ്പിച്ചു. പന്നികളെ കൊല്ലുവാൻ അംഗീകാരമുള്ള ഷൂട്ടർമാർക്ക് അവയെ വെടിവെച്ച് കൊലപ്പെടുത്തിയാൽ 1500 രൂപ നിരക്കിൽ ഹോണറേറിയം അനുവദിക്കും. ചത്ത മൃഗങ്ങളെ സംസ്കരിക്കുന്നതിന് 2000 രൂപ ചെലവഴിക്കാം.

പന്നികളെ കൊലപ്പെട്ടുത്താൻ അംഗീകൃത ഷൂട്ടർമാർരെയാണ് പഞ്ചായത്തുകൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. ചത്ത ജന്തുക്കളെ സംസ്കരിക്കുന്നതിനുള്ള തുകയും ഷൂട്ടർമാർക്കുള്ള ഹോണറേറിയവും പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്നാണ് നൽകിപോന്നിരുന്നത്. ഇത് പഞ്ചായത്തുകൾക്ക് അധിക ബാധ്യത വരുത്തിയിരുന്നു.

സംസ്ഥാന സവിശേഷ ദുരന്തമായി മനുഷ്യ വന്യജീവി സംഘർഷം ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഇത്തരം പ്രതിരോധ നടപടികൾക്ക് വേണ്ടിവരുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ചിലവഴിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തുക എസ് ഡി. ആർ എഫ് ഫണ്ടിൽ നിന്ന് പഞ്ചായത്തുകൾക്ക് അനുവദിക്കാൻ തീരുമാനിച്ചത്.

# ജൈവവൈവിധ്യ ബോർഡിന്റെ ഷീ ബയോ സെമിനാർ

**തിരുവനന്തപുരം:** അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള സർവകലാശാലയിലെ സസ്യശാസ്ത്ര വകുപ്പുമായി സഹകരിച്ച് മാർച്ച് 10 ന് കാര്യവട്ടം സസ്യശാസ്ത്ര വകുപ്പിൽ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ലിംഗസമത്വത്തിലേക്കുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ആവാസവ്യവസ്ഥ പുനഃസ്ഥാപനത്തിൽ സ്ത്രീകളുടെ പങ്ക് തിരിച്ചറിയുന്നതിനും ലക്ഷ്യമിട്ടുള്ള 'ഷീ ബയോ: ജൈവവൈവിധ്യപ്രചോദിത ഫലങ്ങൾക്കായി പരിസ്ഥിതി വ്യവസ്ഥകളെ ഉപയോഗപ്പെടുത്തൽ' വിഷയത്തിലാണ് സെമിനാർ. ലിംഗസമത്വം, ജൈവവൈവിധ്യ ആനുകൂല്യങ്ങളിലുള്ള തുല്യത എന്നിവ പ്രദിപാദിക്കുന്ന കുൻമിംഗ്മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (കെഎംജിബിഎഫ്) ലക്ഷ്യങ്ങൾ 22 ഉം 23 ഉം അനുസരിച്ചുള്ള ജൈവവൈവിധ്യ മാനേജ്മെന്റിൽ ലിംഗഭേദം ഉൾക്കൊള്ളുന്ന ഭരണം സംയോജിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ശിൽപ്പശാലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൈവവൈവിധ്യ പുനഃസ്ഥാപനത്തിലും സുസ്ഥിരമായ ഉപജീവനമാർഗ്ഗത്തിലും സ്ത്രീകൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന നാല് നിർണായക ആവാസവ്യവസ്ഥകളായ വനങ്ങൾ, തണ്ണീർത്തടങ്ങൾ, കൃഷിയിടങ്ങൾ, തീരദേശ, സമുദ്ര സംവിധാനങ്ങൾ എന്നിവ 'ഷീബയോ' ചർച്ച ചെയ്യും. കേരളത്തിന്റെ പ്രാദേശിക ജൈവവൈവിധ്യ തന്ത്രത്തിലും പ്രവർത്തന പദ്ധതികളിലും ഷീബയോ' തന്ത്രം സംയോജിപ്പിക്കുന്നതിലൂടെ, ജൈവവൈവിധ്യ മാനേജ്മെന്റിലും ജൈവവൈവിധ്യ സംരക്ഷണത്തിലും സ്ത്രീകളുടെ നേതൃത്വം ഉറപ്പാക്കുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.




# ലഹരിക്കെതിരായ പോരാട്ടത്തിൽ പൊതുജനങ്ങൾ മുൻനിരയിൽ വേണം: മന്ത്രി

**കൊല്ലം:** ലഹരിക്കെതിരെ ശക്തമായ പോരാട്ടത്തിന് പൊതുജനങ്ങൾ മുൻനിരയിൽ ഉണ്ടാകണമെന്ന് മന്ത്രി ബിന്ദു. ലഹരിയുടെ ഉപയോഗത്തിനും അക്രമവാസനക്കുമെതിരായ 'സ്നേഹത്തോൺ റൺ എവേ ഫ്രം ഡ്രഗ്സ്' ക്യാമ്പയിനിന്റെ ഫ്ലാഗ് ഓഫും ഉദ്ഘാടനവും കൊല്ലം ശാരദ മഠത്തിനു മുന്നിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ലഹരിക്കെതിരെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജാഗ്രത സമിതികളും ഇതര സംവിധാനങ്ങളും ശക്തിപ്പെടുത്തും. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ ആസാദ് ഏജന്റ്സ് ഓഫ് സോഷ്യൽ ആക്ട് എഗൈൻസ്റ്റ് ഡ്രഗ്സ് എന്ന പേരിൽ പ്രത്യേക സേനയുണ്ടാക്കി പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. മാതാപിതാക്കളെ വരെ ആക്രമിക്കുന്നതിന് പിന്നിലെ പ്രധാന കാരണം ലഹരിയുടെ ഉപയോഗം ആണെന്നും ഇതിനെതിരെ കൂട്ടായ പ്രവർത്തനം വേണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

കൊല്ലം ഐ.എച്ച്.ആർ.ഡിയുടെ നേതൃത്വത്തിൽ നടന്ന പരിപാടിയുടെ ഭാഗമായി ശാരദ മഠം മുതൽ എസ്.എൻ കോളേജ് വരെ കൂട്ടയോട്ടവും സംഘടിപ്പിച്ചു.

ലഹരി മാഫിയ സമൂഹത്തിൽ പിടിമുറുക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളും വിദ്യാർഥികളും ലഹരി വലയിൽ അകപ്പെടുന്നത് തടയുക എന്ന ലക്ഷ്യത്തോടെ 'ലഹരിയല്ല ജീവിതമാണ് ഹരം' എന്ന മുദ്രാവാക്യമുയർത്തിയാണ് 'സ്നേഹത്തോൺ' സംഘടിപ്പിക്കുന്നത്.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂട്ടയോട്ടം, സ്നേഹ മതിൽ തീർക്കൽ തുടങ്ങിയ പരിപാടികൾ നടന്നു.



# ഉല്ലാസ് പദ്ധതിയിൽ 7000 പേരെ സാക്ഷരരാക്കും

**കോഴിക്കോട്:** ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാംഉല്ലാസിന്റെ മൂന്നാം ഘട്ടത്തിൽ ജില്ലയിൽ നിന്നും 7000 പേരെ സാക്ഷരരാക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജാ ശശിയുടെ അധ്യക്ഷതയിൽ വ്യാഴാഴ്ച ചേർന്ന സാക്ഷരത സമിതി യോഗമാണ് ഈ തീരുമാനമെടുത്തത്.

ഡിജിറ്റൽ സാക്ഷരത ശക്തിപ്പെടുത്തുന്നതിന് സഹായകമായ രീതിയിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കാനും സംസ്ഥാന സാക്ഷരത മിഷൻ തയ്യാറാക്കിയ ഡിജിറ്റൽ സാക്ഷരത പാഠാവലി ഉപയോഗിക്കാനും ഹയർ സെക്കന്ററി തുല്യത പഠിതാക്കളുടെ നിരന്തര മൂല്യനിർണ്ണയ മാർക്ക് നൽകുന്നതിന് പദ്ധതിയിലെ പങ്കാളിത്തം പരിഗണിക്കുകയും ഇതിന്റെ ഭാഗമായി തുല്യത അദ്ധ്യാപകരുടെ യോഗം ചേരാനും സമിതി തിരുമാനിച്ചു.

സാക്ഷരത മിഷൻ ജില്ലാ കോഓർഡിനേറ്റർ പി വി ശാസ്ത പ്രസാദ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി ഗവാസ്, സ്ഥിരം സമിതി ചെയർമാൻമാരായ പി സുരേന്ദ്രൻ, നിഷ പുത്തൻപുരയിൽ, വി പി ജമീല, കെ വി റീന, ജില്ലാ പഞ്ചായത്ത് അംഗം സിന്ധു സുരേഷ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി അജേഷ് ടി ജി, ഡയറ്റ് പ്രിൻസിപ്പൽ ഡോ അബ്ദുൾ നാസർ യു കെ, സാക്ഷരത സമിതി അംഗം എം ഡി വൽസല തുടങ്ങിയവർ യോത്തിൽ പങ്കെടുത്തു.

# മുംബൈ സിറ്റിയെ ഒറ്റഗോളിൽ വീഴ്ത്തി കേരള ബ്ലാസ്റ്റേഴ്സ്

**കേരള ബ്ലാസ്റ്റേഴ്സ് 1**
**മുംബൈ സിറ്റി എഫ്സി 0**

**കൊച്ചി:** സമനില പോലും നേടിയാൽ പ്ലേഓഫ് ഉറപ്പാക്കാമായിരുന്ന മുംബൈ സിറ്റി എഫ്സിയെ അട്ടിമറിച്ച് സീസണിലെ അവസാന ഹോം മത്സരം കേരള ബ്ലാസ്റ്റേഴ്സ് അവിസ്മരണീയമാക്കി. 52ാം മിനിറ്റിൽ ക്വാമി പെപ്ര നേടിയ ഗോളിലാണ് ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ തലയുയർത്തി മടങ്ങിയത്. അവസാന മിനിറ്റിൽ ബികാഷ് യുംനം നടത്തിയ ക്ലിയറിങാണ് മുംബൈയുടെ സമനില മോഹം പൊളിച്ചത്. മലയാളി താരം മുഹമ്മദ് ഐമെനാണ് കളിയിലെ താരം. ജയത്തോടെ 23 കളിയിൽ നിന്ന് 28 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് 9ാം പടിയിലെത്തി. നിലവിലെ ഷീൽഡ് ചാമ്പ്യൻമാരായ മുംബൈ സിറ്റിയോട് സീസണിലെ ആദ്യ മത്സരത്തിലേറ്റ തോൽവിക്കുള്ള മധുരപ്രതികാരം കൂടിയായി ബ്ലാസ്റ്റേഴ്സിന്. മാർച്ച് 12ന് ഹൈദാരാബാദ് എഫ്സിക്കെതിരെ ഒരു എവേ മത്സരം മാത്രമാണ് ബ്ലാസ്റ്റേഴ്സിന് ഇനി അവശേഷിക്കുന്നത്. അതേസമയം മുംബൈ സിറ്റിക്ക് പ്ലേഓഫ് യോഗ്യത നേടാൻ അവസാന മത്സരത്തിൽ ബെംഗളൂരു എഫ്സിക്കെതിരെ സമനിലയെങ്കിലും വേണം.



ഒരേയൊരു മാറ്റമാണ് മുംബൈക്കെതിരായ കളിയിൽ ബ്ലാസ്റ്റേഴ്സ് വരുത്തിയത്. യൊയ്ഹെൻബയ്ക്ക് പകരം ഇഷാൻ പണ്ഡിത ആദ്യ ഇലവനിൽ തിരിച്ചെത്തി. ഗോൾവലയ്ക്ക് മുന്നിൽ നോറ ഫെർണാണ്ടസിന് രണ്ടാമതും അവസരം നൽകി. പ്രതിരോധത്തിൽ ദുസാർ ലഗാറ്റോർ, ഐബൻബ ഡോഹ്‌ലിങ്, നവോച്ച സിങ്, മിലോസ് ഡ്രിൻസിച്ച് എന്നിവർ തുടർന്നു. മധ്യനിരയിൽ ക്യാപ്റ്റൻ അഡ്രിയാൻ ലൂണ, വിബിൻ മോഹനൻ, മുഹമ്മദ് ഐമെൻ, കോറോ സിങ് എന്നിവവർ. ക്വാമി പെപ്രയും ഇഷാൻ പണ്ഡിതയും മുന്നേറ്റം നയിച്ചു. മുംബൈ ഗോൾ കീപ്പറായി പുർബ ലചെൻപ. ടിരി, തായിർ ക്രൗമ, സാഹിൽ പൻവാർ എന്നിവർ പ്രതിരോധത്തിൽ. മധ്യനിരയിൽ ജോൺ ടൊറാൽ, വാൻ നീഫ്, ബ്രിസൻ ഫെർണാണ്ടസ്. മുന്നേറ്റത്തിൽ ലല്ലിയാൻസുവാല ചങ്തെ, വിക്രം പ്രതാപ് സിങ്, ബിപിൻ സിങ്.

തുടക്കത്തിൽ തന്നെ ബ്ലാസ്റ്റേഴ്സിന് ലീഡ് നേടാനുള്ള അവസരമെത്തി, പക്ഷേ കോറു സിങിന്റെ ക്രോസിൽ കൃത്യമായി കാൽ കണക്ട് ചെയ്യാൻ ഇഷാൻ പണ്ഡിതയ്ക്കായില്ല. 17ാം മിനിറ്റിൽ വീണ്ടും ലക്ഷ്യത്തിനടുത്തെത്തി, ഐബൻബയുടെ ക്രോസ് സ്വീകരിച്ച് ക്ലോസ് റേഞ്ചിൽ മിലോസ് ഡ്രിൻസിച്ച് ഹെഡറിന് ശ്രമിച്ചെങ്കിലും ലചെൻപ സമർഥമായി പന്ത് കയ്യിലൊതുക്കി. മറുഭാഗത്ത് ബിപിൻ സിങ് ബോക്സിന് ഇടതുഭാഗത്ത് നിന്ന് തൊടുത്ത ഷോട്ട് നോറയും തടഞ്ഞു. നഷ്ടപ്പെടാൻ ഒന്നുമില്ലെന്ന തരത്തിലായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ കളി, അതേസമയം മുംബൈ പ്രതിരോധത്തിലൂന്നിയാണ് ആദ്യപകുതിയിൽ ഏറെയും കളിച്ചത്. ഇതിനിടെ ബ്ലാസ്റ്റേഴ്സിന് കിട്ടിയ ആദ്യ കോർണർ മുംബൈ നിർവീര്യമാക്കി. ഇടവേളയ്ക്ക് പിരിയുന്നതിന് മുമ്പ് ഇഷാന് ഒരു അവസരം കൂടി കിട്ടി, ലക്ഷ്യത്തിലേക്ക് തൊടുത്തെങ്കിലും പന്ത് വല കണ്ടില്ല. അധിക സമയത്ത് കിട്ടിയ ഇൻഡയറക്ട് ഫ്രീകിക്കും കോർണറും മുതലെടുക്കാൻ മുംബൈക്കുമായില്ല.

ഇടവേളക്ക് ശേഷം ബ്ലാസ്റ്റേഴ്സ് ആദ്യമാറ്റം വരുത്തി, ഇഷാൻ പണ്ഡിതയ്ക്ക് പകരം ഡാനിഷ് ഫാറൂഖെത്തി. 52ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് സമനില പൂട്ടഴിച്ചു. ബോക്സിന്റെ വലത് മൂലയിൽ നിന്ന് മുംബൈ താരത്തിൽ നിന്ന് പന്ത് തിരിച്ചുപിടിച്ച കോറോ സിങ് ബോക്സിൽ ക്വാമി പെപ്രയ്ക്ക് നൽകി. മുംബൈയുടെ തായിർ ക്രൗമ തടയാനെത്തിയെങ്കിലും പെപ്ര പന്തുമായി കുതിച്ചു, ശ്രമകരമായ ആംഗിളിൽ നിന്നുള്ള ഘാന താരത്തിന്റെ വലങ്കാൽ ബുള്ളറ്റ് ഷോട്ട് വല തുളച്ചു കയറി. മനോഹരമായ ഗോളിൽ ബ്ലാസ്റ്റേഴ്സ് മുന്നിൽ. മുംബൈക്കെതിരെ തുടർച്ചയായ മൂന്നാം ഗോൾ നേടിയ പെപ്ര, സീസണിൽ ഏഴാം ഗോളും തികച്ചു. മുംബൈ തുടർച്ചയായി ഫ്രീകിക്കുകൾ നേടി, 61ാം മിനിറ്റിൽ വിക്രം പ്രതാപ് സിങിന്റെ ഹെഡർ നോറ ഫെർണാണ്ടസ് തടഞ്ഞു. പിന്നാലെ പെപ്രയുടെ ഒരു തകർപ്പൻ ഷോട്ട് മുംബൈയും വിഫലമാക്കി. 72ാം മിനിറ്റിൽ പെപ്രയെ ബ്ലാസ്റ്റേഴ്സ് പിൻവലിച്ചു, കാണികളുടെ ആരവങ്ങൾക്കിടയിൽ പകരമെത്തിയത് നോഹ സദൂയി. കളത്തിലിറങ്ങിയ അതേനിമിഷം സദൂയി ആദ്യശ്രമം നടത്തി. നൗഫലിന്റെ മുന്നേറ്റം ഡാനിഷ് ഫാറൂഖ് മനോഹരമായൊരു സ്ലൈഡിലൂടെ ബ്ലോക്ക് ചെയ്തു. മുംബൈ ആക്രമണം തുടർന്നു. ചാങ്തെയുടെ ക്രോസ് ഷോട്ട് വലയിലേക്ക് തിരിച്ചുവിടാനുള്ള വിക്രം സിങിന്റെ ശ്രമം നേരിയ വ്യത്യാസത്തിൽ വിഫലമായി. കളിയിലുടനീളം മികച്ച പ്രകടനം നടത്തിയ മുഹമ്മദ് ഐമെനെ മാറ്റി 85ാം മിനിറ്റിൽ ബികാഷ് യുംനത്തിന് ബ്ലാസ്റ്റേഴ്സ് അവസരം നൽകി. കളി തിരിച്ചുപിടിക്കാൻ മുംബൈയും പരമാവധി മാറ്റങ്ങൾ വരുത്തി. 89ാം മിനിറ്റിൽ നോഹയുടെ ഒരു തകർപ്പൻ ഷോട്ട് ലചെൻപ ഉയർന്നുപൊങ്ങി കുത്തിയകറ്റി. പരിക്ക് സമയത്ത് സമനിലക്കായി മുംബൈ പരമാവധി ശ്രമിച്ചെങ്കിലും ബ്ലാസ്റ്റേഴ്സ് പ്രതിരോധവും നോറയും ഉറച്ചുനിന്നു.

# ആറളത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തും: മന്ത്രി എ.കെ ശശീന്ദ്രൻ

**കണ്ണൂർ:** ആറളത്ത് അടിക്കാടുകൾ വെട്ടിത്തെളിക്കാൻ തദ്ദേശവാസികളായ 50 പേരെ കൂടി ഉൾപ്പെടുത്തി പത്ത് ദിവസത്തെ സ്പെഷ്യൽ ഡ്രൈവ് നടത്തുമെന്ന് ആറളത്തെ വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകന യോഗത്തിന് ശേഷം വനം, വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗിക്കാനാകുമെന്നാണ് കണക്കാക്കുന്നതെന്നും മന്ത്രി പറഞ്ഞു. ആറളത്ത് അഞ്ച് കിലോമീറ്റർ നീളത്തിൽ സോളാർ ഹാങ്ങിങ് ഫെൻസിങ് നിർമാണത്തിന് ജില്ലാ പഞ്ചായത്തും ആറളം ഗ്രാമപഞ്ചായത്തും ചേർന്ന് 36 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എത്രയും പെട്ടന്ന് ഈ പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ആനമതിൽ നിർമാണ പുരോഗതി വിലയിരുത്തുന്നതിനായി അഡ്വ. സണ്ണി ജോസഫ് എം.എൽ.എയുടേയും ജില്ലാ കലക്ടറുടെയും നേതൃത്വത്തിൽ മാർച്ച് ഏഴ് വെള്ളിയാഴ്ച സൈറ്റ് ഇൻസ്പെക്ഷൻ നടത്തും. തുടർന്ന്, ആനമതിൽ നിർമാണവുമായി ബന്ധപ്പെട്ടവരുമായി കൂടിക്കാഴ്ച നടത്തും. വേറെ ഏതെങ്കിലും പ്രദേശം കൂടി ദുരന്തം അനുഭവിക്കുന്നുണ്ടോയെന്നുകൂടി പരിശോധിക്കും. ആറളത്തുനിന്ന് തുരത്തുന്ന മൃഗങ്ങൾ അയ്യംകുന്ന് പഞ്ചായത്ത് പരിധിയിലേക്ക് കടന്നുവരുന്നതിൽ അയ്യംകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ആശങ്ക അറിയിച്ചു. അയ്യംകുന്നിലും ജാഗ്രതയോടുകൂടിയ പ്രവർത്തനം നടത്തുമെന്ന് മന്ത്രി അറിയിച്ചു.



വനം വകുപ്പ് ഉദ്യോഗസ്ഥർ രാപകലില്ലാതെ സുരക്ഷയൊരുക്കുവാനുള്ള പ്രവർത്തനങ്ങൾ ഒരുക്കുകയാണെന്ന് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗം വിലയിരുത്തി. വനം വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് മാത്രം പ്രശ്നം പൂർണതോതിൽ പരിഹരിക്കാനുള്ള സാഹചര്യമല്ല ഇപ്പോഴുള്ളത്. അതിനാൽ ഈ പ്രദേശങ്ങളിൽ 24 മണിക്കൂറും പട്രോളിങ് നടത്തുന്നുണ്ടെന്ന് പൊലീസ് ഉറപ്പുവരുത്തും. തീരുമാനങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എം.എൽ.എ കൺവീനറായി ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റും ഉൾപ്പെടുന്ന മോണിറ്ററിങ് സമിതി രൂപീകരിച്ചിട്ടുണ്ട്. മനുഷ്യസഹജമായ കാലതാമസം അല്ലാതെ മനപൂർവമായ ഒരു താമസവും ആറളത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നിന് ഉണ്ടായിട്ടില്ലെന്നും മന്ത്രി പറഞ്ഞു. കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ ഓട്ടോ നിയന്ത്രണം വിട്ട് മറിഞ്ഞ് ഡ്രൈവർ മരിക്കാനിടയായ സാഹചര്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പി അബ്ദുൾ മജീദ് ചൂണ്ടിക്കാട്ടി. അവിടെ വനംവകുപ്പിന്റെ സ്ക്വാഡ് പരിശോധന നടത്തും. ആറളത്തെ പോലെ ജനകീയ പിന്തുണയോട് കൂടിയ മാർഗങ്ങൾ ആവിഷ്കരിച്ചാൽ മാത്രമേ പ്രശ്നപരിഹാരമുണ്ടാകൂവെന്ന് മന്ത്രി അറിയിച്ചു. ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്താതെ ഒരു പ്രവർത്തനവും വിജയിക്കില്ലെന്ന് മന്ത്രി പറഞ്ഞു. ജനങ്ങളും ഉദ്യോഗസ്ഥരും ഭരണകൂടവും ഒരുമിച്ച് നിന്നാൽ മാത്രമേ പ്രശ്നപരിഹാരം ഉണ്ടാകൂ. പ്രശ്നങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കും. ഇതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് വേണ്ട ഉത്തരവുകളും സഹായങ്ങളും കാലതാമസമില്ലാതെ നൽകും. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് മനുഷ്യ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യും. ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടികളിൽ ഒരുമിച്ച് മുന്നോട്ട് പോകും. ആറളത്ത് ജനങ്ങളുടെ പ്രയാസങ്ങളോട് അനുഭാവപൂർവമായ നിലപാട് സ്വീകരിച്ചുകൊണ്ട് തന്നെ ഇപ്പോൾ നടത്തി വരുന്ന രാപകൽ സമരങ്ങളിൽ നിന്ന് പിന്മാറമെന്ന് യോഗം ആവശ്യപ്പെട്ടു.

എം.എൽ.എ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ, ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പി രാജേഷ്, ജില്ലാ കലക്ടർ അരുൺ കെ വിജയൻ, റൂറൽ ജില്ലാ പൊലീസ് മേധാവി അനുജ് പലിവാൽ, വനംകുപ്പ് ഉത്തര മേഖല സി.സി.എഫ് കെ.സി ദീപ, ഡി.എഫ്.ഒ എസ് വൈശാഖ്, ജില്ലാ പ്ലാനിങ് ഓഫീസർ നെനോജ് മേപ്പടിയത്ത്, വിവിധ തദ്ദേശസ്വയം ഭരണസ്ഥാനങ്ങളുടെ സെക്രട്ടറിമാർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.




# വനിതാ സംരംഭകരെ ആദരിക്കാനായി മുത്തൂറ്റ് ഫിൻകോർപ് സൂപ്പർവുമൺ സീരീസ് 2

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ്സികളിൽ ഒന്നും 138 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ പതാക വാഹക കമ്പനിയുമായ മുത്തൂറ്റ് ഫിൻകോർപ് വനിത സംരംഭകരെ ആദരിക്കാനായി മുത്തൂറ്റ് ഫിൻകോർപ് സൂപ്പർവുമൺ സീരീസ് 2 നടത്തുന്നു. രാജ്യമെമ്പാടുമുള്ള വനിതാ സംരംഭകരെ ആദരിക്കാനും ശാക്തീകരിക്കാനും ലക്ഷ്യമിട്ടുള്ള ഈ രണ്ടാം പരമ്പരയുടെ പ്രഖ്യാപനം മുത്തൂറ്റ് ഫിൻകോർപ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റും സിഇഒ ഷാജി വർഗീസും ചേർന്ന് നടത്തി. രാജ്യത്തെ വനിതകളെ, പ്രത്യേകിച്ച് രണ്ട്, മൂന്ന് നിര നഗരങ്ങളിൽ നിന്നുള്ളവരെ ആദരിക്കാനും ശാക്തീകരിക്കാനുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.രണ്ടാം സൂപ്പർവുമൺ പരമ്പരയുടെ പ്രഖ്യാപനത്തിനൊപ്പം പരമ്പര ഒന്നിൽ ഇടംപിടിച്ച 12 സംസ്ഥാനങ്ങളിൽ നിന്നുള്ള 30 വനിതാ സംരംഭകരുടെ ആവേശകരമായ അനുഭവങ്ങളടങ്ങിയ കോഫി ടേബിൾ ബുക്കും മുത്തൂറ്റ് ഫിൻകോർപ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പുറത്തിറക്കി. മുത്തൂറ്റ് ഫിൻകോർപ് സൂപ്പർവുമൺ രണ്ടാം ഘട്ടത്തിലെത്തുന്ന വനിത സംരംഭകരുടെ വിജയകഥകൾ ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, ലിങ്ക്ഡിൻ, എക്സ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിലൂടെ അവതരിപ്പിക്കും.

https://rb.gy/js07i9 എന്ന ലിങ്കിലൂടെയോ publicrelations@muhoot.com എന്ന ഇമെയിലിലൂടെയോ തങ്ങളുടെ സമീപത്തുള്ള വനിത സംരംഭകരുടെ വിജയ കഥകൾ മുത്തൂറ്റ് ഫിൻകോർപ്പുമായി പങ്കുവെയ്ക്കാൻ പൊതുജനങ്ങൾക്ക് അവസരമുണ്ട്. മുത്തൂറ്റ് ഫിൻകോർപിന്റെ സാമൂഹ്യ മാധ്യമങ്ങളിൽ കമന്റായോ ഏതെങ്കിലും ബ്രാഞ്ചിലെത്തിയോ എൻട്രികൾ നൽകാം. രാജ്യത്തെ 3700 ലധികം ബ്രാഞ്ചുകളിലും ഈ സേവനം ഒരുക്കിയിട്ടുണ്ട്.

അറിയപ്പെടുന്നവരുടെ നേട്ടങ്ങൾ ആഘോഷിക്കുന്നതിനപ്പുറം അറിയപ്പെടാത്ത വനിതകളുടെ പ്രതിബദ്ധതയും അവർ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളും അവതരിപ്പിച്ചും അവരെ ആദരിച്ചും മുന്നോട്ടു പോകാൻ ഇതിലൂടെ സാധിക്കും.വനിതകളെ ശാക്തീകരിക്കുകയെന്നത് മുത്തൂറ്റ് ഫിൻകോർപിന്റെ അടിസ്ഥാന ആശയമാണെന്ന് മുത്തൂറ്റ് ഫിൻകോർപ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. തങ്ങളുടെ ജീവനക്കാരിൽ 40 ശതമാനത്തിലേറെയും വനിതകളാണ്. പത്തു ലക്ഷത്തിലേറെ വനിതാ ഉപഭോക്താക്കളുമുണ്ട്. ഇന്ത്യയിൽ എല്ലാവരേയും ഔപചാരിക സാമ്പത്തിക സേവനങ്ങളിലേക്ക് എത്തിക്കാനാണു തങ്ങൾ ശ്രമിക്കുന്നത്. മുത്തൂറ്റ് ഫിൻകോർപ് സൂപർവുമൺ രണ്ടാം ഘട്ടം പ്രഖ്യാപിക്കുന്നതിൽ വളരെയധികം ആവേശത്തിലാണെന്നും അദ്ദേഹം പറഞ്ഞു.കഴിഞ്ഞ തവണത്തെ വിജയത്തിന്റെ തുടർച്ചയായി സൂപ്പർവുമൺ ഒന്നിനെ കുറിച്ചുള്ള കോഫി ടേബിൾ ബുക്കും തങ്ങൾ പുറത്തിറക്കുകയാണ്. തങ്ങളുടേയും ചുറ്റുമുള്ള ജനങ്ങളുടേയും ജീവിതങ്ങളെ മാറ്റിയെടുത്ത ഈ വനിത സംരംഭകരെക്കുറിച്ചുള്ള പ്രചോദനം നൽകുന്ന വിവരങ്ങൾ ഇതിലുണ്ട്. വനിത സംരംഭകരുടെ ഏറെ മികച്ചതും എന്നാൽ ആരും അറിയാത്തതുമായ കഥകളായിരിക്കും സൂപ്പർവുമൺ രണ്ടാം ഘട്ടം പുറത്തു കൊണ്ടുവരികയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരള സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്പിലേക്ക് വാതിൽ തുറക്കുന്നു

**തിരുവനന്തപുരം:** കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് യൂറോപ്യൻ വിപണിയിലേക്കുള്ള വാതിൽ തുറക്കാൻ കേരള സ്റ്റാർട്ടപ്പ് മിഷനും ബ്രസൽസിലെ ഹബ് ഡോട് ബ്രസൽസും ധാരണാപത്രം ഒപ്പിട്ടു. മുംബൈയിൽ നടന്ന ചടങ്ങിൽ ബെൽജിയം രാജകുമാരി ആസ്ട്രിഡ് ഓഫ് ബെൽജിയത്തിൻറെ സാന്നിധ്യത്തിലായിരുന്നു ധാരണാപത്രം ഒപ്പുവച്ചത്.



ബെൽജിയത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെയും സാമ്പത്തികവികസനത്തിൻറെയും ചുമതലയുള്ള പ്രാദേശിക ഏജൻസിയാണ് ഹബ് ബ്രസൽസ്. കെഎസ്യുഎം സിഇഒ അനൂപ് അംബിക, ഹബ് ബ്രസൽസ് ഡെപ്യൂട്ടി സിഇഒ അന്ന ലോർ ഐസക് എന്നിവരാണ് ധാരണാപത്രം കൈമാറിയത്.

ധാരണാപത്രത്തിൻറെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകൾക്കായി സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി സെൻറർ ബെൽജിയത്തിൻറെ തലസ്ഥാനമായ ബ്രസൽസിൽ സ്ഥാപിക്കും. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് സൗജന്യ വർക്കിംഗ്സ്പേസ്, ബിസിനസ് വിദഗ്ധോപദേശം, മീറ്റിംഗ് റൂം സൗകര്യം, ബിസിനസ് ശൃംഖല അവസരങ്ങൾ എന്നിവയും ലഭ്യമാകും. ബെൽജിയത്തിൽ മാത്രമല്ല, യൂറോപ്പിലെ വിപണിയിലാകെ സാന്നിധ്യമറിയിക്കാൻ സ്റ്റാർട്ടപ്പുകൾക്ക് അവസരം കൈവരും.

ഇതേ മാതൃകയിൽ ബെൽജിയത്തിലെ സ്റ്റാർട്ടപ്പുകൾക്ക് കെഎസ്യുഎമ്മിലും സമാനമായ സംവിധാനമൊരുക്കും. കെഎസ്യുഎമ്മിൻറെ ഡെമോ ഡേ, വിപണി പ്രവേശന പരിപാടികൾ, ഇന്ത്യൻ ബിസിനസ് സമൂഹവുമായുള്ള ആശയവിനിമയം എന്നിവയിൽ ബെൽജിയത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്കും അവസരമുണ്ടാകും.

# ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി ഏകദിന ശില്പശാല

**കൊച്ചി:** വിനോദ സഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി മൈ കേരള ടൂറിസം അസോസിയേഷൻ (എം.കെ.ടി.എ) ഇന്റർനാഷണൽ ഡെസ്റ്റിനേഷൻ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. വോയേജ് എസ്പെർട്ടോ എന്ന പേരിൽ വൈറ്റില ബ്രോഡ് ബീൻ ഹോട്ടലിൽ ഏപ്രിൽ അഞ്ചിന് രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെയാണ് ശില്പശാല.

വിയറ്റ്നാം, ഇന്തോനേഷ്യ, മലേഷ്യ, തായ്‌ലൻഡ്, ദുബായ്, സിംഗപ്പൂർ, മാലിദ്വീപ്, ശ്രീലങ്ക തുടങ്ങീ രാജ്യങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള അവബോധ ക്ലാസുകൾ, യാത്രാപദ്ധതി തയാറാക്കൽ, ബിടുബി, ബിടുസി സെഷനുകൾ എന്നിവ ഉണ്ടാകും.

ടൂറിസം രംഗത്ത് കരിയർ വികസിപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലന പരിപാടി ഗുണം ചെയ്യുമെന്ന് അസോസിയേഷൻ പ്രസിഡന്റ് അനി ഹനീഫ്, സെക്രട്ടറി എസ്. ദിലീപ് കുമാർ എന്നിവർ പറഞ്ഞു. ഫോൺ: 8129514238.

# സാംസംഗിലെ തൊഴിലാളി സമരം പിൻവലിച്ചു

**ചെന്നൈ:** ഒരു മാസത്തിലേറെയായി ശ്രീപെരുന്പത്തൂരിലെ സാംസംഗ് ഇന്ത്യ ഫാക്ടറിയിൽ സാംസംഗ് ഇന്ത്യ വർക്കേഴ്സ് യൂണിയൻറെ നേതൃത്വത്തിൽ നടന്നുവന്ന തൊഴിലാളിസമരം ജീവനക്കാർ പിൻവലിച്ചു.

സമരം ചെയ്ത തൊഴിലാളികളെ തിരിച്ചു ജോലിയിൽ പ്രവേശിപ്പിക്കാമെന്ന് കന്പനി നൽകി ഉറപ്പിന്മേലാണ് സമരം പിൻവലിച്ചത്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരും സാംസംഗ് പ്രതിധിനികളും നടത്തിയ ചർച്ചയിലാണ് ഇത് സാധ്യമായതെന്നാണ് റിപ്പോർട്ടുകൾ. ഫെബ്രുവരി അഞ്ചിനാണ് സമരം ആരംഭിച്ചത്.

കമ്പനി ജീവനക്കാരെ പുനഃപ്രവേശിപ്പിക്കുകയും അവരുടെ ഐഡി കാർഡുകൾ അൺ?ബ്ലോക്ക് ചെയ്യുകയും ചെയ്യും. വ്യക്തിഗത ഇമെയിലുകൾ അയച്ചുകൊണ്ട് ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കാൻ അനുവാദമുണ്ടെന്ന് മാനേജ്മെൻറ് ഉറപ്പു നൽകി.

ഭാവിയിൽ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും സസ്പെൻഷൻ പെൻഡിംഗ് എൻക്വയറി പ്രകാരം 23 തൊഴിലാളികൾക്കെതിരേ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും കന്പനി അറിയിച്ചു. സസ്പെൻഡ് ചെയ്യപ്പെട്ട തൊഴിലാളികളെ കന്പനിക്കുള്ളിൽ പ്രവേശിപ്പിക്കില്ല. അവരുടെ കേസ് പിന്നീട് പരിഗണിക്കുമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിച്ചു.

സസ്പെൻഡ് ചെയ്യപ്പെട്ട 23 തൊഴിലാളികളെ സംബന്ധിച്ച അനുരഞ്ജന ചർച്ചകൾ ഈ മാസം 12നു നടക്കുമെന്നാണ് പ്രതീക്ഷ.

# സഹകരണബാങ്ക് നിക്ഷേപ പലിശ: മുതിർന്ന പൗരന്മാർക്ക് 8.50 ശതമാനം

**തിരുവനന്തപുരം:** സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്കിൽ മാറ്റം വരുത്തി. ദേശസാൽകൃത, ഇതര ബാങ്കുകളെക്കാളും കൂടുതൽ പലിശ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് ലഭ്യമാക്കും വിധമാണ് പലിശനിരക്ക് ക്രമീകരിച്ചിരിക്കുന്നത്. പ്രാഥമിക സഹകരണസംഘങ്ങളിലെ സ്ഥിരനിക്ഷേപ പലിശ നിരക്കിലാണ് മാറ്റം വരുത്തിയിരിക്കുന്നത്. കേരളബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകിവരുന്ന വരുന്ന പലിശയിൽ മാറ്റം വരുത്തി. നിക്ഷേപ സമാഹരണ കാലത്തെ നിക്ഷേപങ്ങൾക്ക് ആ സമയത്ത് നൽകിയിരുന്ന പലിശ തുടർന്നും ലഭിക്കും.

പുതുക്കിയ നിരക്ക് പ്രബാല്ല്യത്തിൽ വന്നു. പ്രാഥമിക സഹകരണ ബാങ്കുകളിലെ മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്ക് പരമാവധി 8.50 ശതമാനം വരെ പലിശ ലഭിക്കും.

# കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് കൂടുതൽ ആഭ്യന്തര സർവീസ് ആരംഭിക്കാൻ ഇൻഡിഗോ എയർലൈൻസ്

**കോഴിക്കോട്:** കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് കൂടുതൽ ആഭ്യന്തര സർവീസ് ആരംഭിക്കാൻ ഇൻഡിഗോ എയർലൈൻസ്. ബെംഗളുരു, ചെന്നൈ സെക്ടറിൽ 30 മുതൽ ദിവസവും സർവീസുണ്ടാകും. കൊൽക്കത്ത, വിശാഖപട്ടണം, ഗോവ, ജയ്പുർ, അഹമ്മദാബാദ്, പുണെ സർവീസും ഉടൻ ആരംഭിക്കും. കരിപ്പൂർ വിമാനത്താവളത്തിന് പുത്തനുണർവേകുന്ന സർവീസുകളായി ഇവ മാറും.നിലവിൽ കരിപ്പൂർ , ബെംഗളൂരു റൂട്ടിൽ ആഴ്ചയിൽ നാല് സർവീസാണ് ഇൻഡിഗോ നടത്തുന്നത്. കരിപ്പൂർ , ചെന്നൈ സെക്ടറിൽ ആഴ്ചയിൽ മൂന്നും ഹൈദരാബാദ്, മുംബൈ, ഡൽഹി നഗരങ്ങളിലേക്ക് ദിവസവും ഓരോ സർവീസ് നിലവിലുണ്ട്. കരിപ്പൂരിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള സർവീസിനും അനുമതിയായിട്ടുണ്ട്. ഗോവ, അഗത്തി സർവീസുകളും ഉടൻ തുടങ്ങും.കരിപ്പൂരിൽ നിന്ന് ഫ്ലൈ 91 വിമാനം ഗോവ, പുണെ, ലക്ഷദ്വീപ്, ഡൽഹി എന്നിവിടങ്ങളിലേക്ക് പറക്കാൻ ഒരുങ്ങിക്കഴിഞ്ഞു. അതേസമയം കൊച്ചിയിൽ നിന്ന് റാസൽഖൈമയിലേക്കാണ് പുതിയ സർവീസ് ആരംഭിക്കാൻ ഇൻഡിഗോ എയർലൈൻസ് ഒരുങ്ങുകയാണ്. മാർച്ച് 15 മുതൽ പ്രതിദിന സർവീസ് ആരംഭിക്കുമെന്ന് ഇൻഡിഗോ അറിയിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ SOCIETY TODAY



# സ്ത്രീകളെ ശാക്തീകരിക്കുന്നതിനൊപ്പം തിരിച്ചറിവും സമൂഹത്തിനുണ്ടാക്കണം: നിമിഷ ജെ വടക്കൻ

**കൊച്ചി:** സ്ത്രീകൾ ശക്തരാവുകയെന്നതിനോടൊപ്പം സ്ത്രീശക്തിയെ കുറിച്ച് മറ്റുള്ളവർക്ക് തിരിച്ചറിവുണ്ടാക്കാൻ കൂടിയുള്ള അവസരമാണ് ലോകവനിതാദിനമെന്ന് എയ്സ്വേർ ഫിൻടെക് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ നിമിഷ ജെ വടക്കൻ പറഞ്ഞു.

ലോക വനിതാ ദിനത്തോടനുബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടേയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടേയും കൊച്ചി ചാപ്റ്ററുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാ ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.കഠിന പ്രയത്നത്തോടൊപ്പം സ്മാർട്ട് വർക്ക് കൂടിയുണ്ടാകുമ്പോഴാണ് വിജയിക്കാനാവുകയെന്നും അവർ പറഞ്ഞു. കേവലം കഠിനമായ പരിശ്രമങ്ങൾ മാത്രം എല്ലാ വിജയങ്ങളും നിശ്ചയിക്കില്ലെന്നും നിമിഷ ജെ വടക്കൻ വ്യക്തമാക്കി.

സ്ത്രീയും പുരുഷനും പണം സമ്പാദിക്കുന്നതിനെയാണ് പൊതുവെ സാമ്പത്തിക സ്വാതന്ത്ര്യം എന്നു പറയാറുള്ളതെങ്കിലും അതിനുമപ്പുറം നേടിയെടുക്കുന്ന സാമ്പത്തികം എന്തു ചെയ്യണമെന്നും എങ്ങനെ ഉപയോഗിക്കണമെന്നും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമായിരിക്കണം അതെന്നും അവർ വിശദമാക്കി. തങ്ങളുടെ സമ്പാദ്യം എങ്ങനെ ചെലവഴിക്കണമെന്ന് സ്ത്രീ തീരുമാനിക്കുമ്പോഴാണ് അവൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാകുന്നതെന്നും നിമിഷ ജെ വടക്കൻ പറഞ്ഞു.വിജയിക്കുന്ന ഓരോ പുരുഷന് പിന്നിലും ഒരു സ്ത്രീയുള്ളതുപോലെ വിജയിക്കുന്ന ഓരോ സ്ത്രീക്കു പിന്നിലും പുരുഷനുമുണ്ടെന്നും നിമിഷ പറഞ്ഞു. പരസ്പരം പിന്തുണക്കുകയും സമത്വമുണ്ടാവുകയും വേണമെന്നും അവർ പറഞ്ഞു.ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ കൊച്ചിൻ ചാപ്റ്റർ ചെയർപേഴ്സൺ മീന ജോർജ്ജ്, മധുസൂദനൻ, സ്വാതി ബോജക്, ജിനു മാത്തൻ, രഞ്ജിനി ആർ എന്നിവർ പ്രസംഗിച്ചു.പ്രൊഫഷണൽ നേട്ടം കൈവരിച്ച 21 വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ കൈമാറി.

ടെക്നിക്കൽ സെഷനിൽ വനിതകൾക്ക് നിയമ ശാക്തീകരണത്തിലും നേതൃത്വത്തിലേക്കുമുള്ള വഴി തുറക്കൽ എന്ന വിഷയത്തിൽ ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് ചീഫ് ഫിനാൻഷ്യൽ ഓഫിസർ രേഖ വേണുഗോപാലും കോർപറേറ്റ് പ്രൊഫഷണലുകൾക്കുള്ള വ്യക്തിഗത ബ്രാന്റിംഗ് എന്ന വിഷയത്തിൽ സ്റ്റോറി സ്പ്രിംഗ് മാർക്കറ്റിംഗ് ആന്റ് ബ്രാന്റ് സ്റ്റോറി ടെല്ലിംഗ് കൺസൾട്ടൻസി സ്ഥാപക ജിഗിഷ നവനീതും സംസാരിച്ചു.




# ക്യാൻസർ പ്രതിരോധ ക്യാമ്പയിൻ:സർവോദയ വിദ്യാലയ ഐസിഎസ്ഇ സ്കൂൾ ജേതാക്കൾ

**തിരുവനന്തപുരം:** ക്യാൻസർ പ്രതിരോധത്തിൽ പുതിയ തലമുറയുടെ ആശയങ്ങൾ അടുത്തറിയുന്നതിനായി ഫൈറ്റ് എഗൈൻസ്റ്റ് ക്യാൻസർ ടുഗെതർ' (ഫാക്ട്) എന്ന പേരിൽ കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ സംഘടിപ്പിച്ച ക്യാൻസർ പ്രതിരോധ ക്യാമ്പയിനിൽ നവീന ആശയങ്ങളുമായി സ്കൂൾ വിദ്യാർത്ഥികൾ. ഒരു മാസത്തോളം നീണ്ട ക്യാമ്പയിനിൽ ക്യാൻസർ അവബോധം, പ്രതിരോധം നേരത്തെയുള്ള നിർണ്ണയം എന്നീ വിഷയങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ 18 സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് പ്രൊജക്ടുകൾ അവതരിപ്പിച്ചത്.

എട്ട് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കപ്പെട്ട 'ഫാക്ടിൽ' നാലാഞ്ചിറ സർവോദയ വിദ്യാലയ ഐസിഎസ്ഇ സ്കൂൾ ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയും എവറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം നേടിയ വഴുതക്കാട് ചിന്മയ വിദ്യാലയയ്ക്ക് 50,000 രൂപയും മൂന്നാം സ്ഥാനം നേടിയ നാലാഞ്ചിറ സെന്റ് ജോൺസ് മോഡൽ സ്കൂളിന് 25,000 രൂപയും സമ്മാനമായി ലഭിച്ചു. ക്യാമ്പയിനിൽ മികച്ച ആശയങ്ങൾ അവതരിപ്പിച്ച മറ്റ് 18 സ്കൂളുകളും 5000 രൂപ വീതമുള്ള ക്യാഷ് പ്രൈസിന് അർഹരായി. തിരുവനന്തപുരം കിംസ്ഹെൽത്തിൽ വച്ച് നടന്ന ചടങ്ങിൽ കിംസ്ഹെൽത്ത് നാഗർകോവിൽ ഡയറക്ടറും കിംസ്ഹെൽത്ത് ക്യാൻസർ സെന്റർ ആൻഡ് സിഎസ്ആർ, സിഇഒയുമായ രശ്മി അയിഷ സമ്മാനദാനം നിർവഹിച്ചു.

## വനിതാ ദിനം: സ്പെഷ്യൽ ഹെൽത്ത് ചെക്ക് അപ്പ് പാക്കേജുമായി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുമ്പന്ധിച്ച് വനിതകൾക്കായി സ്പെഷ്യൽ ഹെൽത്ത് ചെക്ക് അപ്പ് പാക്കേജ് അവതരിപ്പിച്ച് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ. ഇഎസ്ആർ ഉൾപ്പെടെയുള്ള കംപ്ലീറ്റ് ഹീമോഗ്രാം ടെസ്റ്റ്, ഫാസ്റ്റിംഗ് ബ്ലഡ് ഷുഗർ ടെസ്റ്റ്, എച്ച്.ബി.എ.1.സി, ഇലക്ട്രോകാർഡിയോഗ്രാം ടെസ്റ്റ്, ഗൈനക്കോളജി കൺസൾട്ടേഷൻ ഉൾപ്പെടെയുള്ള 13 ഓളം പരാമീറ്റർ ചെക്കപ്പുകൾ 1500 രൂപയ്ക്ക് ലഭ്യമാകും.അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു മാർച്ച് 08 മുതൽ ആരംഭിക്കുന്ന സ്പെഷ്യൽ ഹെൽത്ത് ചെക്ക് അപ്പ് പാക്കേജ് മാർച്ച് 31 വരെ ലഭ്യമാകും.കൂടാതെ ഒ.പിയിൽ വരുന്ന ലാബ് റേഡിയോളജി പരിശോധനകൾക്ക് 50% കിഴിവും, സർജറികൾക്ക് 15% കിഴിവ് സർജറികൾക് വിധേയരാവുന്ന രോഗികൾക്കു കോംപ്ലിമെന്ററിയായി റൂമുകൾ അപ്ഗ്രേഡ് ചെയ്തു നൽകുകയും ചെയ്യും.കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക: +91 989 577 9301/ +91 8137974649.

## ന്യൂഡൽഹിയിൽ നെസ്പ്രസ്സോയുടെ ആദ്യ ബുട്ടീക്ക്

**കൊച്ചി:** പ്രീമിയം പോർഷനേറ്റഡ് കോഫിയുടെ തുടക്കക്കാരായ നെസ്പ്രസ്സോ ന്യൂഡൽഹി സാകേത്, സിറ്റിവാക് മാൾ ഗ്രൗണ്ട് ഫ്ളോറിൽ തങ്ങളുടെ ആദ്യ ബുട്ടീക് ആരംഭിക്കുന്നു. 2024 അവസാനത്തോടെ ഇന്ത്യയിലെത്തിയ നെസ്പ്രസ്സോയുടെ ആഗോള വികസനത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഈ ലോഞ്ചെന്ന് നെസ്പ്രസ്സോ സി.ഇ.ഒ ഫിലിപ്പ് നവരത്തിൽ പറഞ്ഞു.

പുതിയ ഈ ബുട്ടീക് കോഫി ഇഷ്ടപ്പെടുന്നവർക്ക് മികച്ച അനുഭവം പ്രദാനം ചെയ്യുന്നു. നെസ്പ്രസ്സോയുടെ ഉയർന്ന നിലവാരമുള്ള കോഫികളുടെയും അത്യാധുനീക മെഷീനുകളുടെയും ഐക്കണിക് ശ്രേണി ഇവിടെ പ്രദർശിപ്പിക്കും. ഉപഭോക്താക്കൾക്ക് വൈവിധ്യമാർന്ന കോഫി മിശ്രിതങ്ങൾ ആസ്വദിക്കാനും പരിശീലനം ലഭിച്ച കോഫി സ്പെഷ്യലിസ്റ്റുകളിൽ നിന്ന് വ്യക്തിഗത ശുപാർശകൾ സ്വീകരിക്കാനും നെസ്പ്രസ്സോയുടെ പ്രതിബദ്ധതയെക്കുറിച്ച് മനസിലാക്കാനും കഴിയുമെന്നും ഫിലിപ്പ് നവരത്തിൽ പറഞ്ഞു. ഈ സുപ്രധാന നാഴികക്കല്ല് പിന്നിടുന്നതിൽ അഭിമാനമുണ്ടെന്നും ഇത് ഇന്ത്യയിലെ കോഫി പ്രേമികൾക്ക് നെസ്പ്രസ്സോയുടെ അതുല്യ രുചി എത്തിക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.



## യുടിഐ നിഫ്റ്റി 50 ഇൻഡക്സ് ഫണ്ട് 25 വർഷം പൂർത്തിയാക്കി

**കൊച്ചി:** യുടിഐ നിഫ്റ്റി 50 ഇൻഡക്സ് ഫണ്ട് 25 വർഷം പൂർത്തിയാക്കി. ഇതോടനുബന്ധിച്ച് നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിൽ സംഘടിപ്പിച്ച ബെൽ റിങിങ് ചടങ്ങിൽ യുടിഐ എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ഇംതയസൂർ റഹ്മാൻ, സിഐഒ വെട്രി സുബ്രഹ്മണ്യം, എൻഎസ്ഇ മാനേജിങ് ഡയക്ടറും സിഇഒയുമായ അഷീഷ്കുമാർ ചൗഹാൻ തുടങ്ങിയവർ പങ്കെടുത്തു.2000 മാർച്ചിലാണ് യുടിഐ നിഫ്റ്റി 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചത്. രാജ്യത്തെ ഏറ്റവും പഴക്കമേറിയതും വലുതുമായ ഇൻഡക്സ് ഫണ്ടുകളിലൊന്നായ യുടിഐ ഇൻഡക്സ് 50 ഫണ്ട് 20,000 കോടി രൂപയിലേറെ വരുന്ന ആസ്തികളാണ് ഇപ്പോൾ കൈകാര്യം ചെയ്യുന്നത്. പാസീവ് നിക്ഷേപങ്ങൾക്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിൽ വലിയ ജനപ്രീതിയാണു ലഭിച്ചു വരുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിച്ച യുടിഐ എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ഇംതയസൂർ റഹ്മാൻ പറഞ്ഞു. ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയിൽ മ്യൂചൽ ഫണ്ടുകൾ എപ്പോഴും മുഖ്യ പങ്കു വഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് അഖിലമോളും സംഗീതയും

## സംരംഭകത്വ മികവിന് സിഎംഎഫ്ആർഐയുടെ അംഗീകാരം

**കൊച്ചി:** മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് മാതൃകയാകുകയാണ് എം എ അഖിലമോളും സംഗീത സുനിലും. വെല്ലുവിളികൾ മറികടന്ന്, മത്സ്യമേഖലയിൽ സംരംഭകരായി മികവ് തെളിയിച്ചാണ് അന്താരാഷ്ട്ര വനിതാദിനത്തിൽ ഇരുവരും ശ്രദ്ധ നേടുന്നത്.

മത്സ്യകൃഷി, കൺസൽട്ടൻസി സേവനങ്ങളിലൂടെയാണ് കൊടുങ്ങല്ലൂർ സ്വദേശിയായ അഖിലമോൾ നേട്ടമുണ്ടാക്കിയത്. എന്നാൽ, മത്സ്യ മൂല്യവർധിത ഉൽപാദന രംഗത്താണ് നായരമ്പലം സ്വദേശി സംഗീതയുടെ മികവ്. സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (എസ്ടിഐ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും.


അഖിലമോൾ


സംഗീത

കുട്ടികളുടെ പഠനം വഴിമുട്ടെരുതെന്ന ആഗ്രഹത്തോടെയാണ് അഖിലമോൾ മത്സ്യകൃഷിയിലേക്ക് തിരിയുന്നത്. സിഎംഎഫ്ആർഐ നടത്തിയ പരിശീലനപരിപാടിയിൽ പങ്കെടുത്തത് വഴിത്തിരിവായി. അക്വാകൾച്ചർ രംഗത്തെ ശാസ്ത്രീയ രീതികളും വൈദഗ്ധ്യവും സ്വന്തമാക്കിയത് വരുമാനം മെച്ചപ്പെടുത്താൻ സഹായകരമായി. ഈ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി സംരംഭകയായി മാറാനുള്ള താൽപര്യത്തിൽ കൺസൽട്ടൻസി സേവനം ആരംഭിച്ചു. ഇത് നിരവധി പേരെ മത്സ്യകൃഷിയിൽ സഹായിക്കുന്നതിനും അവർക്ക് ഉപജീവനമാർഗവും ഒരുക്കി. നിലവിൽ, സിഎംഎഫ്ആർഐയുടെ എസ് ടി ഐ ഹബ് പദ്ധതിയുടെ മേൽനോട്ടത്തിൽ ഒരു ഏക്കറിൽ സംയോജിത മത്സ്യകൃഷി നടത്തിവരികയാണ്. കരിമീൻ, കാളാഞ്ചി, തിരുത കൃഷിക്കൊപ്പം താറാവ്കോഴി വളർത്തലും പച്ചക്കറിപുഷ്പ കൃഷിയും സംയോജിപ്പിച്ചുള്ളതാണ് ഈ സംരംഭം. ഇത് കൂടാതെ, കൊടുങ്ങല്ലൂർ കായലിൽ കൂടുമത്സ്യകൃഷിയും പൊന്നൂസ് അക്വാക്ലിനിക് എന്ന പേരിൽ ബിസിനസ് കൺസൽട്ടൻസി സേവനവുമുണ്ട്.

മീനുകളിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനത്തിലൂടെയും അവയുടെ വിപണനത്തിലൂടെയുമാണ് സംഗീത സുനിൽ ശ്രദ്ധ നേടുന്നത്. 'സാൾട്ട് എൻ സ്പൈസി' എന്ന ബ്രാൻഡിന് കീഴിൽ നിരവധി തനത് ഉൽപന്നങ്ങൾ വികസിപ്പിച്ച് വിപണിയിലെത്തിക്കുന്നു. ഉണക്ക ചെമ്മീൻ, മീനിൽ നിന്നുള്ള അച്ചാർ, കട്ലറ്റ്, ചട്ണി പൊടി, വൈവിധ്യമായ സീഫുഡ് വിഭവങ്ങൾ തുടങ്ങിയവ ഇതിൽപെടും. തദ്ദേശീയ വിഭവങ്ങൾ അനുയോജ്യമായ വിപണനരീതികൾ ഉപയോഗിച്ച് വിജയകരമായ ബിസിനസ് സംരംഭമാക്കി വികസിപ്പിച്ചതാണ് സംഗീതയുടെ മികവ്. ഈയിടെ സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യമേളയിൽ ഈ നാടൻ വിഭവങ്ങൾക്ക് മികച്ച സ്വീകാര്യതയാണ് ലഭിച്ചത്. സിഎംഎഫ്ആർഐയിൽ പ്രവർത്തിക്കുന്ന കാർഷിക സാങ്കേതികവിദ്യാ വിവര കേന്ദ്രത്തിന്റെ (അറ്റിക്) വിപണന കേന്ദ്രത്തിൽ ഈ ഉൽപന്നങ്ങൾ ലഭ്യമാണ്.കന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെയുള്ള പദ്ധതിയാണ് സിഎംഎഫ്ആർഐയുടെ എസ് ടി ഐ ഹബ്. മത്സ്യമേഖലയിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പരിശീലനം, സാങ്കേതിവിദ്യ സഹായം എന്നിവ നൽകിവരുന്നു.

കഠിനാധ്വാനത്തിലൂടെയും മാനേജ്മെന്റ് വൈദഗ്ധ്യം പുറത്തെടുത്തും വിജയം കൈവരിച്ചതിനുള്ള അംഗീകാരമായി മാർച്ച് 10 ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഇവരെ ആദരിക്കും.

# ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ്: നാമനിർദ്ദേശം സ്വീകരിക്കൽ 15 വരെ

**കൊച്ചി:** കേരളത്തിലെ ഇവന്റ് മാനേജർമാരുടെ സംഘടനയായ 'ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇമാക്) സൈലന്റ് ഹീറോസ് അവാർഡുകളുടെ ഏഴാം പതിപ്പ് ഏപ്രിൽ 9, 10 തിയതികളിൽ കൊല്ലം അഷ്ടമുടി ലീല റാവിസിൽ വച്ച് നടക്കും. അവാർഡ്സ് 2025 ലേക്കുള്ള നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 15 വരെ നീട്ടി.കേരളത്തിലുടനീളമുള്ള ഇവന്റ് മാനേജർമാരുടെ സുസ്ഥിര സേവനങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇമാക് അവാർഡുകൾ നൽകുന്നത്.

വർഷങ്ങളായി സംസ്ഥാനത്തിലുടനീളമുള്ള ഇവന്റ് മാനേജ്മെന്റ് ഏജൻസികളെയും പ്രഫഷണലുകളെയും ആദരിക്കുകയും അനുമോദിക്കുകയും ചെയുന്ന വേദിയാണ് ഇമാക് സൈലന്റ് ഹീറോസ് അവാർഡ്സ്. 5 പ്രധാന വിഭാഗങ്ങളിൽ 60 ഉപവിഭാഗങ്ങളിലുമായി സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകളാണ് ജേതാക്കൾക്ക് ലഭിക്കുക. ഇവന്റ് ഡികോർ ആൻഡ് പ്രൊഡക്ഷൻ, ടെക്നിക്കൽ സപ്പോർട്ട് ആൻഡ് സൊലൂഷൻസ്, എന്റർടൈൻമെന്റ് ഡിസൈൻ, വെന്യു ആൻഡ് കാറ്ററിങ് സൊല്യൂഷൻസ്, പഴ്സണലൈസ്ഡ് സൊലൂഷ്യൻസ് എന്നീ വിഭാഗങ്ങളിലാണ് മത്സരം.

2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ നടത്തിയ കോർപ്പറേറ്റ് പരിപാടികൾക്കും വിവാഹങ്ങൾക്കും അപേക്ഷിക്കാം. 2500 രൂപയാണ് പ്രവേശനഫീസ്. താല്പര്യമുള്ളവർക്ക് https://emaksilentheroes.com/ എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. അല്ലെങ്കിൽ 87144 95333, 9961186161 എന്നീ നമ്പറുകളിൽ മാർച്ച് 15നുള്ളിൽ ബന്ധപ്പെടാം.

ഇവന്റ് മാനേജ്മെന്റ് മേഖലയിലെ വിശിഷ്ടവ്യക്തികളും പ്രൊഫഷണലുകളും ഒത്തുചേരുന്നതിനാൽ ഈ വർഷത്തെ അവാർഡ് നിശ കൂടുതൽ മികവുറ്റതാവുമെന്ന് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു.




# ഫെതർ ലൈറ്റിന് കൊച്ചിയിൽ എക്സ്പീരിയൻസ് സെന്റർ



**കൊച്ചി:** രാജ്യത്തെ പ്രമുഖ വർക്ക് സ്പേസ് ഫർണിച്ചർ ബ്രാൻഡായ ഫെതർലൈറ്റ് കൊച്ചിയിൽ പുതിയ എക്സ്പീരിയൻസ് സെന്റർ തുറന്നു. വൈറ്റില സത്യം ടവറിൽ ആരംഭിച്ച സെന്ററിന്റെ ഉദ്ഘാടനം ഫെതർ ലൈറ്റ് ഗ്രൂപ്പ് അസോ. ഡയറക്ടർ കിരൺ ചെല്ലാരാം, ഡീലർ മാനേജ്മെന്റ് വിഭാഗം ബിസിനസ് ഹെഡ് ജ്യാനേന്ദ്ര സിംഗ് പരിഹാർ എന്നിവർ ചേർന്ന് നിർവഹിച്ചു. 6000 ചതുരശ്ര അടിയിൽ ഒരുക്കിയിരിക്കുന്ന സെന്റർ സന്ദർശിക്കുന്ന ഉപഭോക്താക്കൾക്ക് പുതിയ ട്രെൻഡുകൾക്ക് അനുസരിച്ചുള്ള വെർക്ക്സ്പേസ് ഡിസൈനുകൾ കാണുവാനും മനസിലാക്കുവാനും സാധിക്കും.വ്യവസായ, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിലെ ആവശ്യങ്ങൾക്കനുസൃതമായ ഫർണിച്ചറുകൾ ഗുണനിലവാരവും മികച്ച ഡിസൈനും ഉറപ്പാക്കി രൂപകൽപ്പന ചെയ്തവയാണ്. ഉയരം ക്രമീകരിക്കാവുന്ന വർക്ക് സ്റ്റേഷൻ, മീറ്റിംഗ് പോഡുകൾ, ഓഫീസ് ടേബിൾ, കസേര, സോഫ്റ്റ് സീറ്റിംഗ് തുടങ്ങി വ്യത്യസ്ത തരത്തിലുള്ള ഡിസൈനുകൾ പരിചയപ്പെടാനുള്ള അവസരമാണ് എക്സ്പീരിയൻസ് സെന്ററിലൂടെ കമ്പനി ഒരുക്കിയിരിക്കുന്നത്.

രാജ്യത്ത് അതിവേഗം വളരുന്ന വ്യവസായ കേന്ദ്രങ്ങളിലൊന്നായ കൊച്ചിയിൽ ആരംഭിച്ച പുതിയ എക്സ്പീരിയൻസ് സെന്ററിലൂടെ ഉപഭോക്താക്കളുടെ ഇഷ്ടാനുസരണം മികച്ച സേവനം ഉറപ്പാക്കാൻ സാധിക്കുമെന്ന് ഫെതർലൈറ്റ് അസോ. ഡയറക്ടർ കിരൺ ചെല്ലാരാം പറഞ്ഞു.